(ബി) ഉണ്ട്. വിഭജനം നടത്തുമ്പോൾ ഇപ്പോഴുള്ള സർവ്വെ നമ്പരുകൾ മാറ്റി വിഭജിക്കപ്പെടുന്ന വില്ലേജുകളിൽ പുതിയതായി സർവ്വെ നമ്പരുകൾ ഏർപ്പെടുത്തേണ്ടതാണെന്ന സർവ്വെ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കമ്മിറ്റി ഈ കാര്യവും പരിഗണിക്കുന്നതാണ്.

കാളനൈസേഷൻ.

318. [6] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1, 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനൈസേഷൻ പദ്ധതി പ്രകാരം കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1-ൽ 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനിക്കവേണ്ടി കൊടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

വനം കൃഷിക്കാർ.

319. [7] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവ്വ് വനത്തിൽപ്പെട്ട എത്ര ഏക്കർ ഭൂമി, ഗ്രോ മോർ ഫുഡ് സ്കീം യാതനക്കാർക്ക് പതിവ്, കാളനൈസേഷൻ സ്കീം, എക്സ് സർവ്വീസ്മെൻ കോളനി തുടങ്ങിയ ഏർപ്പാടിൽ 1947-മുതൽ 1955 വരെയുള്ള കാലത്ത് കൃഷിക്ക് നൽകിയിട്ടുണ്ട്; ഓരോ ഡിവിഷനിലും നൽകിയിട്ടുള്ളത് എത്ര ഏക്കർ വീതം; മറ്റ് ഭൂമിയുള്ളവരായി എത്ര പേർ ഇങ്ങനെ ഭൂമി കൈയ്യടക്കി വച്ചിട്ടുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ആരെയെങ്കിലും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ; എവിടെയൊക്കെ; ഈ ഭൂമി കൈവശംവച്ച് കൃഷി ചെയ്യുവരുന്ന സാധു കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും ഇക്കഴിഞ്ഞ അർദ്ധവർഷത്തിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ ആരെ; അവരെ ഒഴിപ്പിക്കാനുള്ള നടപടികൾ നിറുത്തിവയ്ക്കുകയും ഒഴിപ്പിച്ചെടുത്ത ഭൂമി അവർക്ക് തിരിച്ചുകൊടുക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly